**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4396** **10-08-2021 - ൽ മറുപടിയ്ക്ക്**

**കാർഷികോല്പാദന വർദ്ധനവിനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡ് പ്രതിസന്ധി മറികടക്കുന്നതിനായി കാർഷികോല്പാദന വർദ്ധനവിന് വേണ്ടി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ് പ്രതിസന്ധി തരണം ചെയ്യുന്നതിനായി താഴെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 1. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയായ സുഭിക്ഷ കേരളം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ഈ പദ്ധതിയിൻകീഴിൽ 2020-21-ൽ കർഷകർക്ക് 196 കോടി രൂപ വിവിധ ബാങ്കുകൾ മുഖേന വായ്പ അനുവദിച്ചിട്ടുണ്ട്. 2. കർഷകരുടെ ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുന്നതിന് പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ/ ആട്ട വളർത്തൽ/ പോഷകത്തോട്ടം/ തേനീച്ച കൃഷി/ കൂൺകൃഷി/ പശു വളർത്തൽ/ മത്സ്യ കൃഷി/ ജൈവവള നിർമ്മാണം/ മുയൽ വളർത്തൽ/ അക്വാപോണിക്സ് തുടങ്ങിയവയിൽ നിന്നും 5 സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്ന ജൈവ ഗൃഹം - സംയോജിത കൃഷി പദ്ധതി. 3. വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ മഴമറ കൃഷിക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി. 4. "ഒരു കോടി ഫലവൃക്ഷതൈകൾ നട്ടുവളർത്തൽ 2020-21" പദ്ധതിയുടെ ഭാഗമായി 136.28 ലക്ഷം ഫലവൃക്ഷതൈകൾ വിതരണം ചെയ്തു. 5. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, കർഷകർക്ക് സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രത്യേക ഹ്രസ്വകാല വായ്പ പദ്ധതിയായ Special Liquidity facility-2 (SLF-2)ൽ കർഷകർക്ക് 600 കോടിയുടെ |

| | | | | |
|---|---|---|---|---|
| | | | | വായ്പ ലഭ്യമാക്കി. 6. കാർഷികോല്പന്നങ്ങൾക്കു വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിനും അതിലൂടെ പച്ചക്കറികളുടെ ഉത്പാദനം വർധിപ്പിക്കുന്നതിനുമായി "കേരള ഫാം ഫ്രഷ് പഴം പച്ചക്കറി" എന്ന പദ്ധതിയിലൂടെ 16 ഇനം പഴം പച്ചക്കറികളുടെ അടിസ്ഥാന വില പ്രഖ്യാപിച്ചു. സംസ്ഥാന കൃഷി വകുപ്പ് നിലവിലുള്ള വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ വിപണികൾ തുടങ്ങി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ടു കർഷകർ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ സംഭരിച്ചു വിപണനം നടത്തി വരുന്നു. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 7. പ്രകൃതി ദുരന്തങ്ങളിൽ നട്ടെല്ലൊടിഞ്ഞ കർഷകർക്ക് പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗനിയന്ത്രണത്തിനുമുള്ള അടിയന്തിര പദ്ധതി, പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയിലൂടെ ആനുകൂല്യങ്ങൾ ലഭ്യമാക്കി. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തിര പരിപാടി എന്ന പദ്ധതിയിൽ 2021-22 വർഷത്തിലേയ്ക്ക് വകയിരുത്തിയിട്ടുള്ള 750.00 ലക്ഷം രൂപയ്ക്ക് പുറമെ 4993.86 ലക്ഷം രൂപയും കൂടി അധികമായി അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് ആനുകൂല്യം നൽകുന്നതിനായി 2000 ലക്ഷം രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി 489.31029 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 8.കോവിഡ് പശ്ചാത്തലത്തിൽ കാർഷിക മേഖലയിൽ പുത്തനുണർവ് സൃഷ്ടിക്കുന്നതിനായി 2020 മെയ് 15-നു കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കാർഷിക അടിസ്ഥാനസൗകര്യ ഫണ്ട് എന്ന പദ്ധതി കേരളത്തിൽ പ്രാബല്യത്തിൽ വരുത്തി. ഈ പദ്ധതി പ്രകാരം നാളിതുവരെ 37.849828കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. 9. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ. പ്രോജക്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവയിലൂടെ 25000 ഹെക്ടർ തരിശുഭൂമിയിൽ കൃഷി ചെയ്യുന്ന പദ്ധതി. |

| | | | |
|---|---|---|---|
| (ബി) | നടീൽ വസ്തുക്കളുടെ ഗുണമേന്മയും ലഭ്യതയും ഉറപ്പു വരുത്താനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കർഷകർക്ക് ഗുണമേന്മയുള്ള നെൽവിത്ത് ലഭ്യമാക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി (RSGP പദ്ധതി). 2021-22 വർഷത്തിൽ ഇതിനായി 125 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും ലഭ്യമാക്കുന്ന ബ്രീഡർ നെൽവിത്ത് കൃഷി വകുപ്പിലെ 33 സംസ്ഥാന വിത്ത് ഉല്പാദന കേന്ദ്രങ്ങൾക്ക് (സീഡ് ഫാമുകൾ) നൽകി ഫൗണ്ടേഷൻ സീഡ് ഉല്പാദിപ്പിച്ച് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത കർഷകർക്ക് നൽകുന്നു. പ്രസ്തുത നെൽവിത്ത് ഉപയോഗിച്ച് പദ്ധതി പ്രകാരം കർഷകർ സർട്ടിഫൈഡ് നെൽവിത്ത് ഉല്പാദിപ്പിച്ച് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയ്ക്ക് തിരികെ നൽകുകയാണ് പദ്ധതി പ്രകാരം ചെയ്യുന്നത്. 2021-22 വർഷം കൃഷി വകുപ്പിന് കീഴിലുള്ള 64 ഫാമുകളിൽ വിവിധ പദ്ധതികളിലൂടെ വിവിധ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നു. നടീൽവസ്തുക്കളുടെ ഗുണമേന്മയും ലഭ്യതയും ഉറപ്പു വരുത്താനായി 2021-22ൽ സർക്കാർ ഫാമുകളിലൂടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും എന്ന പദ്ധതിയിൽ വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നു. നെൽവിത്തുത്പാദനത്തിനായി 200 ലക്ഷം രൂപയും, ഫാമുകളിലെ ഹൈടെക് യൂണിറ്റുകളിലൂടെ വിത്തുത്പാദനത്തിനായി 20 ലക്ഷം രൂപയും, മാതൃ പരിപാലനത്തിനുമായി സസ്യത്തോട്ടങ്ങളുടെ സ്ഥാപിക്കലിന് 80 ലക്ഷം രൂപയും, ടിഷ്യൂക്കൾച്ചർ ലാബുകളിലൂടെ ടിഷ്യൂ വാഴത്തൈകൾ ഉത്പാദിപ്പിക്കുന്നതിന് 15 ലക്ഷം രൂപയും, തെങ്ങ് കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക് തൈകൾ, പച്ചക്കറി, ഔഷധവിളകൾ, സുഗന്ധവിളകൾ, അലങ്കാരസസ്യങ്ങൾ എന്നിവയുടെ നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുതിനായി 650 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഫലവർഗ്ഗ വികസന പദ്ധതി പ്രകാരം ഫാമുകളിൽ 70 ലക്ഷം ഫലവർഗ്ഗ തൈകൾ (ഗ്രാഫ്റ്റുകൾ, ലേയറുകൾ) ഉത്പാദിപ്പിക്കുന്നു. റെയിൻ ഷെൽട്ടർ, പോളീഹൗസുകൾ തുടങ്ങിയവയുടെ നിർമ്മാണത്തിനായി 180 ലക്ഷം രൂപയും ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി 120 ലക്ഷം രൂപയും ഉത്പാദനചെലവിനത്തിൽ 100 ലക്ഷം രൂപയും, പ്രോജനിതോട്ടങ്ങൾ സ്ഥാപിയ്ക്കുന്നതിനായി 88 ലക്ഷം രൂപയും ചേർത്ത് ആകെ 488 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നാളികേരവികസന പദ്ധതിപ്രകാരം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുന്നതിനായി ആകെ 1359.1 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഫാമുകളിലെ അടിസ്ഥാന സൗകര്യ വികസനവും സ്പെഷ്യൽ ഫാമുകളിൽ യന്ത്രവത്ക്കരണവും എന്ന പദ്ധതിയ്ക്കായി 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | വാണിജ്യാടിസ്ഥാനത്തിലേക്ക് കൃഷി പ്രായോഗികമാക്കാൻ കാർഷിക പ്രവർത്തനം ഏറ്റെടുത്തു നടത്തുന്നതിനും കാർഷിക യന്ത്രവൽക്കരണത്തിനും അഗ്രോ സർവ്വീസ് സെന്ററുകളും കാർഷിക കർമ്മസേനകളും രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. സംസ്ഥാനത്ത് ബ്ലോക്ക് തലത്തിൽ 99 അഗ്രോ സർവ്വീസ് സെന്ററുകളും പഞ്ചായത്ത് തലത്തിൽ 368 കാർഷിക കർമ്മസേനകളും രൂപീകരിച്ചിട്ടുണ്ട്. നടപ്പ് വർഷം 8 കൃഷിശ്രീ സെന്ററുകൾ (അഗ്രോ സർവ്വീസ് സെന്റർ) രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ